

Come, Let's Fly Together



# ഗവ.ഹയർ സെക്കൻററി സ്കൂൾ അരോളി

| | |
|---|---|
| റവന്യൂ ജില്ല | കണ്ണൂർ |
| വിദ്യാഭ്യാസ ജില്ല | കണ്ണൂർ |
| ഉപജില്ല | പാപ്പിനിശ്ശേരി |
| പ്രധാനാദ്ധ്യാപിക | റിമ പി പി |
| പി ടി എ പ്രസിഡൻറ് | ടി അജയൻ |
| എം പി ടി എ പ്രസിഡൻറ് | അരുണ കെ വി |



# ആശംസ

അരോളി ഗവൺമെൻ്റ് ഹയർ സെക്കൻഡറി സ്കൂൾ ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് ഡിജിറ്റൽ മാഗസിൻ പ്രസിദ്ധീകരിക്കുന്നതായി അറിഞ്ഞു. വിദ്യാർത്ഥികളുടെ ഡിജിറ്റൽ എഴുത്തിനെ പ്രോത്സാഹിപ്പിക്കുന്നതിന് ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് നടത്തുന്ന ഈ സദുദ്യമത്തിന് എൻെറ എല്ലാവിധ ആശംസകളും നേരുന്നു


രഞ്ജിത് കുമാർ എ വി
പ്രിൻസിപ്പൽ



# ആശംസ

ജി. എച്. എസ്. അരോളിയിലെ വിദ്യാരംഗം കലസാഹിത്യവേദിയും ലിറ്റിൽ കൈറ്റ്സ് യൂണിറ്റും ചേർന്ന് വിദ്യാർത്ഥികളുടെ സർഗ്ഗാത്മക സൃഷ്ടികളെ ഡിജിറ്റലൈസ് ചെയ്ത് രൂപപ്പെടുത്തുന്ന "" Come Let's Fly Together "എന്ന ഡിജിറ്റൽ മാഗസിനിന്റെ അണിയറയിൽ പ്രവർത്തിച്ച എല്ലാ കുട്ടികൾക്കും അവരെ നയിച്ച അദ്ധ്യാപകർക്കും ആശംസകൾ നേരുന്നു.

ഹെഡ്മിസ്ട്രെസ്
GHS AROLI



# ആശംസ

അരോളി ഗവൺമെൻ്റ് ഹയർ സെക്കൻഡറി സ്കൂൾ ലിറ്റിൽ കൈറ്റ്സ് ക്ലബ്ബിൻെറ നേതൃത്വത്തിൽ തയ്യാറാക്കുന്ന ഡിജിറ്റൽ മാഗസിനിന് എല്ലാവിധ ആശംസകളും നേരുന്നു.

ടി അജയൻ
പി ടി എ പ്രസിഡൻറ്



Congratulations on the Launch of the Digital Magazine!

On behalf of the entire staff, I extend my heartfelt congratulations on the launch of our school's digital magazine. Your initiative to showcase the literary talents of our students and highlight the achievements and activities of our institution is truly commendable.

School magazines play a crucial role in fostering creativity and critical thinking among students, and your efforts in this regard are highly appreciated. By providing a platform for students to express themselves through writing, you are nurturing their skills and encouraging them to explore their potential.

I am genuinely delighted to see the dedication and passion with which the members of the Little Kites IT Club have undertaken this project. Your hard work and commitment are inspiring, and I have no doubt that the magazine will be a resounding success.

As you embark on this exciting journey, know that the entire staff is behind you, cheering you on every step of the way. Your endeavor reflects the spirit of our institution, and we are proud to support you in your attempt.

Best wishes for the success of the digital magazine! May it serve as a testament to the creativity and talent that thrives within our school community.

In the tapestry of our school's vibrant community, your latest endeavor, the launch of the digital magazine, shines as a beacon of creativity and innovation. It is with immense joy and pride that I extend my heartfelt congratulations to each and every one of you on this momentous occasion.

Your decision to embark on this journey of literary exploration is a testament to your unwavering dedication to both the art of expression and the spirit of our institution. By weaving together the diverse talents and achievements of our students, you are not merely creating a magazine; you are crafting a masterpiece that reflects the kaleidoscope of brilliance within our school walls.

As the pages of this digital canvas come to life with the vivid colors of imagination and the graceful strokes of eloquence, may it serve as a place for creativity to flourish and a testament to the boundless potential of our student body.

Know that your efforts have not gone unnoticed. The staff stands in awe of your vision and applauds your tireless commitment to excellence. Together, let us celebrate this milestone and eagerly anticipate the wonders that await within the pages of our digital magazine.

With boundless admiration and unwavering support,

M. Manojkumar,
Staff Secretary.

ഇന്ത്യയിലെ കുട്ടികളുടെ ഏറ്റവും വലിയ IT കൂട്ടായ്മയാണ് ലിറ്റിൽ കൈറ്റ്സ്. ഞങ്ങളുടെ സ്കൂളിൽ നിലവിൽ 73 കുട്ടികൾ ലിറ്റിൽ കൈറ്റ്സ് അംഗങ്ങളാണ്. ഗ്രാഫിക് ഡിസൈനിങ് , ആനിമേഷൻ , പ്രോഗ്രാമിങ് , മലയാളം ടൈപ്പിങ്, ഡെസ്ക്ടോപ്പ് പബ്ലിഷിങ് , റോബോട്ടിക്സ് , ആർട്ടിഫിഷ്യൽ ഇൻറലിജൻസ് തുടങ്ങിയ മേഖലകളിൽ ഈ കുട്ടികൾക്ക് പരിശീലനം നൽകുന്നുണ്ട്. 2023 ജൂണിൽ ചുമതല ഏറ്റെടുത്തത് മുതൽ കുട്ടികൾക്ക് കൃത്യസമയത്ത് പരിശീലനം ഫലപ്രദമായി നൽകാനും ഈ കുട്ടികളിലൂടെ അത് മറ്റു കുട്ടികളിലേക്ക് എത്തിക്കാനും ഞങ്ങൾ ശ്രദ്ധ ചെലുത്തുന്നുണ്ട്.

വിജ്ഞാനം വിരൽത്തുമ്പിൽ എത്തി നിൽക്കുന്ന ഈ കാലത്ത് വായനയെന്നത് ഏറെക്കുറെ ഡിജിറ്റലായി മാറിക്കഴിഞ്ഞു. ഡെസ്ക്ടോപ്പ് പബ്ലിഷിങ് എന്ന മോഡ്യൂളിലൂടെ പഠിച്ച കാര്യങ്ങൾ ഉപയോഗപ്പെടുത്തി സ്കൂളിലെ 1 മുതൽ 10 വരെ ക്ലാസിലെ കുട്ടികളുടെ രചനകൾ ഒരു ഡിജിറ്റൽ മാഗസിനായി പുറത്തിറക്കാനാണ് ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ ശ്രമിക്കുന്നത്. അവരുടെ ശ്രമത്തിന് ഞങ്ങളുടെ പൂർണ പിന്തുണയും നൽകിയിട്ടുണ്ട്. സമയ പരിമിതിക്കുള്ളിൽ നിന്ന് കൊണ്ട് തയാറാക്കിയ ഈ മാഗസിൻ ഞങ്ങൾ നിങ്ങൾക്ക് മുമ്പിൽ സമർപ്പിക്കുന്നു . വരൂ, ഡിജിറ്റൽ വായനയുടെയും വിജ്ഞാനത്തിൻെറയും നൂതന ലോകത്തിൽ നമുക്ക് ഒരുമിച്ച് പറക്കാം. ...

ചാരിതാർത്ഥ്യത്തോടെ,
കൈറ്റ് മിസ്ട്രസ്സസ്
പ്രിമ ഏഞ്ചൽ റോഡ്രിഗസ് , ദിവ്യ പി

# Editorial Board

### *Student Editor*



Shazana Shamseer K P

### *Sub Editor*



Ananya Prasanth

### *Members*



Mehreen S Latheef



Krishnapriya k P



Diya Fathima P P



Manha Fathima P K



Saanvi Ajit



Hrithik Krishna H



Hana Abdulla



Ridha Sherin



Thritheeya Lakshmi Pradeep



Muhammed Afluheen V P

### *Advisers*

Smija Teacher



Convener , Vidyarangam Kala Sahitya Vedi

Sajna Teacher



SITC

Rajesh Sir



Cover Page Design

# താളുകൾ മറിയുമ്പോൾ


| | |
|---|---|
| കുരങ്ങന്റെ ആഗ്രഹം | 10 |
| ചിത്രം | 11 |
| Misty Kodaikanal | 12 |
| യാത്ര | 13 |
| ചിത്രം | 15 |
| Four Friends | 16 |
| گلاب. | 17 |
| ചിത്രം | 18 |
| കുഞ്ഞിതത്തമ്മ | 19 |
| പ്രാവിന്റെ ബുദ്ധി | 20 |
| The Wise Monkey | 21 |
| കുഞ്ഞിപ്പുഴുവിന്റെ സ്വപ്നങ്ങൾ | 22 |
| വേരിൽ തണലൊളിപ്പിച്ച ഒറ്റമരങ്ങൾ | 23 |
| My Memorable Experience | 28 |
| ചിത്രം | 29 |
| Shubham's Space Adventure | 30 |
| മാന്ത്രിക പൂച്ചയ്ക്കൊരു ആസ്വാദനം | 32 |
| ബാനർ കെട്ടുന്ന ആകാശം | 33 |
| ചിത്രം | 34 |
| ഒരു വിസ്മയ അനുഭവക്കുറിപ്പ് | 35 |
| സങ്കടത്തിന്റെ കടൽ | 36 |
| ചിന്നുവിന്റെ സ്വർണ്ണപ്പാത്രം | 38 |
| ചിത്രം | 39 |
| ചിക്കൻ കൊതിയൻ | 40 |
| توتا اور چڑیا | 41 |
| അമ്മുവിന്റെ തത്ത | 42 |
| ചിത്രം | 43 |
| വയനാട്ടിലേക്ക് ഒരു യാത്ര | 44 |
| Photo Gallery | 46 |

# കുരങ്ങന്റെ ആഗ്രഹം




രേവതി. ബി
IV. ബി


ഒരു സ്കൂളിൽ അമ്മു എന്ന് പേരുള്ള ഒരു കുട്ടി ഉണ്ടായിരുന്നു. ആ കുട്ടിക്ക് നല്ല ഭംഗിയിൽ നൃത്തം ചെയ്യാൻ അറിയാം. അങ്ങനെ ഒരു ദിവസം ആ കുട്ടിയും അവളുടെ കൂട്ടുകാരി ചിന്നുവും ഇന്റർവെൽ ആയപ്പോൾ ഭക്ഷണവുമെടുത്ത് അവരുടെ സീറ്റിൽ പോയിരുന്നു . പിന്നെ അവർ സംസാരിച്ചുകൊണ്ട് ഭക്ഷണം കഴിച്ചുതുടങ്ങി . അപ്പോൾ അവരെ അത്ഭുതപ്പെടുത്തുന്ന ഒരു കാഴ്ച അവർ കണ്ടു. ഒരു കുരങ്ങൻ അവരുടെ ക്ലാസ്സിലെ ജനലിന്റെ മുകളിൽ തൂങ്ങി നിൽക്കുന്നു. അവർ ആ കുരങ്ങന് കുറച്ച് ഭക്ഷണം കൊടുത്തു . പിന്നെ ആ കുരങ്ങൻ അവിടെ നിന്നും പോയി. അങ്ങനെ കുരങ്ങൻ വീണ്ടും വീണ്ടും വന്നു, പിന്നെ അവർ വീണ്ടും വീണ്ടും ഭക്ഷണം കൊടുക്കുകയും ചെയ്തു. കുറേ ദിവസങ്ങൾ കഴിഞ്ഞു . ഒരു നാൾ അവർ ഭക്ഷണം കഴിക്കുമ്പോൾ കുരങ്ങനെ കണ്ടില്ല. അവർ കഴിച്ചതിനു ശേഷം പാത്രം കഴുകാൻ പോയി. പിന്നെ വീണ്ടും ക്ലാസിൽ വന്നു. അപ്പോൾ അമ്മുവിന്റെ കൂട്ടുകാരി ചിന്നു ചോദിച്ചു, " നീ വലിയ നർത്തകി അല്ലേ, എന്നാൽ എനിക്ക് വേണ്ടി ഒരു നൃത്തം ചെയ്യാമോ? " അമ്മു വളരെ മനോഹരമായി നൃത്തം ചെയ്തു. ഇതൊക്കെ കുരങ്ങ് കാണുന്നുണ്ടായിരുന്നു. അപ്പോൾ കുരങ്ങും കാലും കയ്യും കൊണ്ട് എന്തൊക്കെയോ കളിച്ചു തുടങ്ങി. പെട്ടെന്ന് ഇത് കണ്ട് അമ്മു കുരങ്ങനെ



കളിയാക്കാൻ തുടങ്ങി. ഇതു കണ്ട് ചിന്നു അമ്മുവിനോട് പറഞ്ഞു , "അമ്മു എല്ലാവർക്കും ഉണ്ടാകില്ലേ ആഗ്രഹം. അതിന് നിന്നെപ്പോലെ നൃത്തം ചെയ്യണമെന്ന് ആഗ്രഹമുണ്ട്. അതുകൊണ്ട് അത് അതിന്റെ പരമാവധി ശ്രമിക്കുന്നു. നീ കളിയാക്കിയത് കൊണ്ട് ആ കുരങ്ങന് വിഷമമായി കാണും.” തെറ്റ് മനസിലാക്കിയ അമ്മു കുരങ്ങനോട് ക്ഷമ ചോദിച്ചു . പിന്നെ ആ കുട്ടികളും ആ കുരങ്ങനും നല്ല കൂട്ടുകാരായി മാറി.



Adith Krishna K P
IX C



# MISTY KODAIKANAL

Those days were the most unforgettable days of my life. It was the last trip of our Secondary School. A trip with our chosen family. We all had fun and now I just feel like it was a beautiful dream.

Our destinations are Kodaikanal and Ramakkal Medu. (Two days and three nights). We started our trip on January 5th at 2 o'clock. At 6:00 p.m. we reached at Calicut Beach. We all had a lot of fun there and we had our dinner at 8:00 p.m. We left there at 9:00 pm. At that night we didn't even doze. We were all celebrating and enjoying our trip. Next day January 6th we reached Kodaikanal. We all fresh up and got ready for the breakfast. we ate our breakfast at Hotel Maharaja, then we went to Pine Forest. It was really amazing. We all together clicked so many photos. Kodaikanal temperature in January ranges



between approximately 14.5 ºC to 23.7 ºC. The air as cloud was coming out when we breathe. It was my first time experience. After that we went to Guna Cave, Pillar Rocks, Suicide point and Cockers walk. It was really beautiful to see fog everywhere. Especially at the suicide point. We really have to climb hills to enjoy the view, and that make memories most beautiful than the views. At last we had our lunch at 4:00 pm in the evening. We had biryani and after that sir said that "now you guys are free till 8 o'clock you can go with your friends". Honestly that was the best part of our tour. Me and my friends went for the boat riding. We sang the song 'Malabari banger 'in middle of the lake that was really something different more than vibing. After that we walked through the streets of Kodaikanal with our teachers and friends. We together talked about many things. Those talks made our bonding stronger. At 8 O'clock we reached back and then the most interesting part -our camp fire. It really hits different. We all had so much fun and then we had our dinner and went back to hotel for stay. In



my room me and my other friends were there. We took reels, we danced and I think we slept at 12:30 am. And we woke up at 5 o'clock and got ready for the last destinations. We had a breakfast at same hotel and left Kodaikanal. Then we reached Kambam Grape Farm and clicked photos and spent time on enjoying the beauty of that farm. Seriously that was not interesting and after that we had a bit long travel. Atlast we reached Idukki- Kerala. We had our lunch and when to Ramakal Medu and Aamakkal Medu. That off-road jeep that was the highlight and the view point of Ramakkal Medu was really something which we have to see once in our life. That was such amazing. Those places where really adventurous. Then we went to see Kuravan Kuruthi Statue and spent quality time there and we had our dinner and we returned back home.

It was really precious, those days are just unforgettable days. If I hadn't gone for that trip it would have been a great loss forever. This trip really made our friends bonding stronger. Trip with friends and teachers really gives us variety vibe and that's really amazing.

Fathimathul Aflaha C P
X C

# യാത്ര



കൃഷ്ണപ്രിയ 8 A



"മമ്മാ.. ഞാൻ ഇറങ്ങുവാണേ... "
തന്റെ ബാഗുകൾ ഓരോന്നായി ജീപ്പിൽ കയറ്റുമ്പോൾ തീർത്തും നിർവികാരമായി ഡാനിയേൽ യാത്ര പറഞ്ഞു.
"മോനെ... "
"വേണ്ട. മമ്മ ഒന്നും പറയേണ്ടതില്ല. ഞാൻ തീരുമാനിച്ചു കഴിഞ്ഞു. ഇനി അതിൽ മാറ്റമില്ല. "
അവന്റെ അമ്മ തന്റെ കുപ്പായതിന്റെ ഒരറ്റം കൊണ്ട് കണ്ണീർ തുടച്ചു. തന്റെ മകൻ ഇവിടെ നിന്നും വിട വാങ്ങുന്നതിലും യുദ്ധത്തിന്റെ തീവ്രത അഭിമുഖീകരിക്കാൻ അവനാകുമോ എന്നാ ചിന്തയും ഒരുപക്ഷെ റബേക്കയുടെ ഉള്ളിലെ മാതൃത്വത്തിന് താങ്ങാൻ കഴിഞ്ഞു കാണില്ല.
" ഈ യുവാക്കളുടെ ശിഷ്ടകാല ജീവിതം യുദ്ധക്കളത്തിൽ പടപൊരുതിയിടുമ്പോൾ അധികാര വർഗ്ഗത്തിന്റെ വിജയത്തിനായി അവർ കേവലം തീർത്തും സത്യമായ നാശത്തിനായി മെഴുകുതിരി പോൽ ഉരുകി വീഴുന്നു. നാടിനും നാട്ടാർക്കും ദോഷം മാത്രം വരുത്തുന്ന പൈശാചികമായ ഈ യുദ്ധം പിന്നെന്തിന് !"
ഒരമ്മയുടെ വാക്കുകൾ ആണവയാറ്റങ്ങളേക്കാൾ വേഗത്തിൽ ആ പ്രദേശമാകെ കാർന്നുതിന്നുകൊണ്ടിരുന്നു.

ഡാനിയേൽ ഭാരിച്ച ഹൃദയത്തോടെ തന്റെ കുടുംബത്തിനോട് വിട പറഞ്ഞു ഇനി കാണുമോ ഇല്ലയോ എന്നറിയാത്ത നിഗൂഢമായ യാത്രയ്ക്കായി അവനിറങ്ങി.

ഫിജിയ,വില്ലോബ്രൂക്ക്...കാലങ്ങളായി പകയുടെ പൈശാചികതയിൽ വെന്തു നീറുന്ന ഇരു രാജ്യങ്ങൾ.ഇന്ന് ആ പക എരിഞ്ഞെരിഞ്ഞ് മൃഗീയമായിരിക്കുന്നു. ഈ രണ്ടു പ്രബല ശക്തികൾ യുദ്ധം ആരംഭിച്ചാൽ ലോകം കാണാൻ പോകുന്നതിൽ വെച്ച് ഏറ്റവും ഭീകരമായ വംശഹത്യ ആയിരിക്കും ഇത്.

സൈനിക പരിശീലന ക്യാമ്പിൽ തീവ്രവും കഠിനവുമായ ശാരീരിക മാനസിക വെല്ലുവിളികൾ ആയിരുന്നു പിന്നീടുള്ള ദിവസങ്ങളിൽ. അത്രയും കഠിനമായിട്ട് കൂടിയ ഡാനിയേലിന്റെ നിശ്ചയദാർഢ്യവും അചഞ്ചലമായ മനോഭാവവും അവനെ മുന്നോട്ട് നയിച്ചു. മാസങ്ങൾ നീണ്ട പരിശീലനത്തിന് ശേഷം ഡാനിയേലും സഹ സൈനികരും യുദ്ധ മേഖലകളിലേക്ക് വിന്യസിക്കപ്പെട്ടു. വെടിയച്ചകളും സ്ഫോടനങ്ങളും നിറഞ്ഞ ആ യുദ്ധ ഭൂമിയിലേക്ക്.

എന്നാൽ ദൂരെ മിന്നായം പോലെ കണ്ട കാഴ്ച അവന്റെ മനസ്സിൽ യുദ്ധം സൃഷ്ടിച്ചു. കാലങ്ങൾക്കു മുൻപേ നാടുവിട്ടു പോയ തന്റെ ജേഷ്ഠൻ എതിർ രാജ്യത്തിന്റെ സേനയിൽ ഉൾപ്പെട്ടിരിക്കുന്നു.ഒരുഭാഗത്ത് സ്വന്തം ജേഷ്ഠനും മറുഭാഗത്ത് തന്റെ രാജ്യവും. ഇരുവശവും തനിക്കേറെ പ്രിയപ്പെട്ടത്. അവൻ ഒന്ന് ചിന്തിച്ചതിനുശേഷം മനസ്സിൽ ഉറപ്പിച്ചു. തന്റെ രാജ്യത്തിനു വേണ്ടി പോരാടുക. നിരപരാധികളായ കുടുംബത്തിനുവേണ്ടി പോരാടുക. അതിലും വലുതല്ല മറ്റൊന്നും. ഈ ഒറ്റ ഒരു യുദ്ധം കാരണം സഹോദരങ്ങൾ പോലും ശത്രുക്കളായി മാറി. ഡാനിയേലിന് അതൊരു ഹൃദയഭേദകമായ തിരിച്ചറിവ് ആയിരുന്നു. മാതൃരാജ്യത്തിന്റെ സംരക്ഷണത്തിനു വേണ്ടി പരസ്പരം കൊന്നും വീഴ്ത്തിയും അവർ മുന്നേറി. ഇരു രാജ്യത്തിന്റെയും സമ്പത്ത് രണ ഭൂമിയിൽ വിശാലമായി കിടക്കുന്നു. നിലവിളികൾ... ഭ്രാന്ത് പിടിക്കുന്ന നിലവിളികൾ. യുദ്ധക്കളം മുഴുവൻ കുമ്പാരമായി കിടക്കുന്ന ശവങ്ങൾ. ചിതറിത്തെറിച്ചു കിടക്കുന്ന ശിരസ്സുകൾക്ക് ഓരോന്നിനും ഭീതിയുടെയും ഭയത്തിന്റെയും കഥ പറയാനുണ്ടായിരിക്കണം.

വിധിയുടെ വഴിത്തിരിവ്...കഠിനമായ ആ യുദ്ധത്തിനിടെ ഇരു സഹോദരങ്ങളും മുഖാമുഖം നോക്കി നിന്നു. ഒരിക്കൽ അവർ പങ്കിട്ട് സ്നേഹം ഇരുവരുടെയും മനസ്സിൽ സംഘർഷം സൃഷ്ടിച്ചു. തങ്ങളുടെ പ്രവർത്തികൾ കാരണം ഗുരുതരമായ പ്രത്യാഘാതങ്ങൾ ഇരു രാജ്യത്തും സൃഷ്ടിക്കപ്പെടും എന്ന ബോധം ഇരുവരിലും ഉണ്ടായി. യുദ്ധം അനാവശ്യമാണെന്നും നിരപരാധികൾ ക്രൂശിക്കപ്പെടുമെന്ന തിരിച്ചറിവ് ഒരു വേള ഇരുവരിലും നിറഞ്ഞു. യുദ്ധം അവസാനിപ്പിക്കണം എന്ന ചിന്തയോടെ തങ്ങളുടെ രാജ്യത്തിനോട് ഈ ഹിംസാവസാനിപ്പിക്കാനായി അവർക്കേണപേക്ഷിച്ചു. എന്നാൽ പകയുടെ ഗർഭപാത്രത്തിൽ നിന്നും പിറവിയെടുത്ത യുദ്ധത്തിൽ അലഞ്ഞു നടക്കുന്ന രക്തക്കൊതി തീരാത്ത പിശാചുക്കൾ അവരുടെ വാക്കുകളെ മാനിച്ചില്ല. തങ്ങളുടെ വിജയം മാത്രം എന്ന ചിന്തയോടെ ഇരു രാജ്യവും മുന്നോട്ട് നീങ്ങി. ഇനി യുദ്ധം ചെയ്യാൻ തങ്ങൾ തയ്യാറാവില്ല എന്ന് ദൃഢനിശ്ചയത്തോടെ ആ സഹോദരങ്ങൾ യുദ്ധക്കളത്തിൽ ആത്മഹൂതി ചെയ്തു. അവരുടെ ജീവിതം ദാരുണമായി ചുരുങ്ങി. മരണം അവരെ കവർന്നെടുത്തിട്ടും ഇരുവരുടെയും കണ്ണുകളിൽ ഒരു നീർത്തിളക്കം ഉണ്ടായിരുന്നു. പല ആഗ്രഹങ്ങളും പ്രതീക്ഷകളും ഒളിപ്പിച്ച വെച്ച നിഷ്കളങ്കമായ നീർത്തിളക്കം.



Mehzad S Latheef
I B



# FOUR FRIENDS



Muhammed Diyan
4B

A long time ago, there lived three friends in a jungle. A tortoise, a crow and a mouse. They were very good friends. They always helped each other.

One day they were sitting and talking near the lake. A deer walked up to them. The tortoise said “ you're a new friend. I have never seen you in the jungle.” “ Yes I am here for the first time” the dear said. “Would you like to stay with us?” they asked. The dear said “Yes I wish to live with you”. And they became friends.



One day they went to the jungle and returned in the evening. After some time they realised that the tortoise didn't come with them. The crow said that he will go to the jungle and search for him. The crow searched the tortoise everywhere in the jungle and at last he saw the tortoise was trapped in a net and he saw a hunter near the tortoise.

The crow informed about this to his friends. They all ran to the jungle and they planned to save the tortoise. The crow flew above the hunter and tried to disturb him. At that time the mouse ran to the tortoise and cut the net with his sharp teeth and saved the tortoise and they all ran to their home. The crow also flew away from the hunter. The tortoise thanked his friends and they all lived happily.




نورل حیا
V B

# گلاب

کتنا پیارا ہے
کتنا نیارا ہے
گلاب خوبصورت ہے
گلاب خوبصورت ہے

یہ پھولوں کا راجا
یہ ہم سب کا راجا
کیس پیارا رنگ ہے
کیس پیارا رنگ ہے





Krishnapriya K V
VIII A



# കുഞ്ഞിതത്തമ്മ



യുഗൽ കൃഷ്ണ
III A



കുഞ്ഞിതത്ത എൻെറ പൊന്നും തത്ത
കുഞ്ഞിപ്പൊത്തിൽ നിന്നെത്തിനോക്കുന്നു.
മാമ്പഴം കൊത്തി, ചില്ലകൾ തത്തി, മണ്ണിലിറങ്ങുന്നു.
കുഞ്ഞിതത്ത കുഞ്ഞിവാവേടെ കൂടെ കളിക്കുന്നു.
അച്ഛനെ നോക്കി, അമ്മയെ നോക്കി പുഞ്ചിരി തൂകുന്നു.
ഒത്തിരിയൊത്തിരി പാട്ടുകൾ പാടി ചായുറങ്ങുന്നു!

# പ്രാവിന്റെ ബുദ്ധി




ദേവാത്മിക. എം
IV ബി

കാട്ടിലെ ഒരു മരത്തിൽ ഒരു പ്രാവ് പാർത്തിരുന്നു. ആ മരത്തിനിടയിലൂടെ ഒരു പുഴ ഒഴുകുന്നുണ്ടായിരിന്നു. ആ പുഴയിൽ കുറേ മീനുകൾ ഉണ്ടായിരിന്നു.പെട്ടെന്നു അവിടെ മീൻ പിടുത്തക്കാർ വന്നു. അവർ പുഴയിലേക്ക് വലയിട്ടു. എന്നിട്ട് അവർ ഭക്ഷണം കഴിക്കാൻ പോയി.


പ്രാവ് വിചാരിച്ചു :- ഈ മീനുകളയെല്ലാം രക്ഷിക്കണം ... പക്ഷെ എങ്ങനെ?

അപ്പോൾ പ്രാവിന് ഒരു ബുദ്ധി തോന്നി – വേഗം ആ വല മുറിക്കണം .പ്രാവ് പെട്ടെന്ന് തന്നെ പോയി വല മുറിച്ചു. മിനുകളെല്ലാം രക്ഷപെട്ടു.

കുറച്ചു സമയം കഴിഞ്ഞ് മീൻ പിടുത്തക്കാർ വന്നു നോക്കി.വല മുറിച്ചു കിടക്കുന്നു.പ്രാവ് ആ സമയം കൊണ്ട് മൃഗങ്ങളോട് കാര്യം പറഞ്ഞു. മൃഗങ്ങൾ പുഴക്കരയിലേക്ക് പോയി.ആ മീൻ പിടുത്തക്കാർ അവിടെ ഉണ്ടായിരുന്നു . എല്ലാവരും കൂടി അവരെ ഓടിച്ചിവിട്ടു. പിന്നെ അവരെ ഉപദ്രവിക്കാൻ അവിടെ ആരും വന്നിട്ടില്ല.....




# THE WISE MONKEY



Muhammed Afthab
IV B

Four friends lived in a jungle. One monkey named Subru, a mouse named Chindan, a parrot named Minnu, and a squirrel named Kittu. They are thick friends. Monkey is very intelligent among them. They are very harmonious in every thing. Every one was jealous of their friendship. There has never been any problems between them. All four of them lived together in a tree.

It was a rainy season. It's raining the whole night. A cry was heard from under the tree. They looked down and saw a frog crying "Oh save me.." said the frog. The Subru came down and picked up the frog and put it on the tree. It was given food and a place to sleep.



Days passed. The frog has a comfortable life in tree. Good food on time.

One day knowing that Subru's mother was not well, Subru went to see the mother.

Seeing that, the frog separated the other three by fighting.

By the time the monkey came back, his friends were not found. The frog said they had a fight.

Subru realised that it was the frog that made the hit. Subru tried to get rid of the frog from there so he found one. Velu cobra by the river. He told everything to the cobra " You must help me." said Subru. "Don't worry, I will find a way." said velu cobra.

He asked the squirrel, mouse and parrot to reach on the tree. Everyone gathered together that evening. In that time the frog was sleeping in the burrow. “Velu cobra....” the frog started screaming.

"Don't shout, if you want life, tell me all the problems you have made here." said velu.

" I'll tell you, don't do anything to me."


The frog said everything that happened. They heard everything outside and realised their mistake. The four of them hugged each other while bursting into tears.

Meanwhile, Velu cobra drove the frog out of the burrow Subru thanked Velu cobra. After that the four of them lived happily together.

# കുഞ്ഞിപ്പുഴുവിന്റെ സ്വപ്നങ്ങൾ



നിമ ഗോവിന്ദ്
VIII ബി



കിന്നരിപ്പുഴയുടെ തീരത്തു നിൽക്കുന്ന കുഞ്ഞിപ്പുഴുവിന്റെ രോദനങ്ങൾ
മാനത്തോളം വളരണമെന്നുള്ള ചിന്തകൾ മനസിനകത്തു മാത്രം.

ടാറിട്ട റോഡിന്റെ മുകളിലെ പോകുമ്പോൾ വണ്ടികൾ ദേഹത്തു ചായുന്നു.
വീടിന്റെ മുറ്റത്തുകൂടി ഇഴയുമ്പോൾ കോഴികൾ കോത്തിക്കളിക്കുന്നു.

ഇങ്ങനെയുള്ളൊരു കുഞ്ഞിപ്പുഴുവിന്റെ ജീവിതം നഷ്ടത്തിലാണതാനും.
ഓടാൻ കഴിയില്ല ചാടാൻ കഴിയില്ല.
ജീവിതം ഭക്ഷണമാകാൻ മാത്രം

കിന്നരിപ്പുഴയുടെ തീരത്തു നിൽക്കുന്ന കുഞ്ഞിപ്പുഴുവിന്റെ രോദനങ്ങൾ!

# വേരിൽ തണലൊളിപ്പിച്ച ഒറ്റമരങ്ങൾ



സീനത്ത് ടി എൻ
അധ്യാപിക

വൈകുന്നേരമായതിനാലാവാം മണികണ്ഠൻ ബസിൽ നല്ല തിരക്കായിരുന്നു. സ്കൂൾ പിള്ളേരും ജോലി കഴിഞ്ഞ് മടങ്ങുന്നവരും തിങ്ങി നിറഞ്ഞ ബസിൽ നിൽക്കാൻ തന്നെ നന്നേ പാടുപെട്ടു. ചിറക്കര എത്തും വരെ എങ്ങനെയൊക്കെയോ ഞെരുങ്ങി നിന്നു.

'ചിറക്കര... ചിറക്കര ...... രണ്ടാള് എറങ്ങാനുണ്ടല്ലോ "

കണ്ടക്ടർ ക്ഷമയൊട്ടുമില്ലാതെ വിളിച്ചു കൂവി. ആ രണ്ടാൾ ഞാനും കൂട്ടുകാരി സുജിതയുമായിരുന്നു. തിരക്കുകൾക്കിടയിൽ അമർന്നു പോയ ഞങ്ങളെ എങ്ങനെയോ മറ്റ് യാത്രക്കാർ വലിച്ചു താഴെയിറക്കി. ആ സ്റ്റോപ്പിൽ ഞങ്ങളെ നീട്ടിത്തുപ്പി ബസ് മുന്നോട്ട് കുതിച്ചു.

ഉടൽ മുഴുവനായും കിട്ടിയോ എന്ന സംശയത്താൽ രണ്ട് നിമിഷം ശങ്കിച്ചു

നിന്ന ശേഷമാണ് ഞങ്ങൾ നടത്തം തുടങ്ങിയത്. അച്ഛന്റെ ചായപ്പീടികയിലേക്കാണ് ഈ യാത്ര. വഴിയെപ്പറ്റി വലിയ ധാരണയൊന്നുമില്ല. നടക്കാനൊത്തിരിയുണ്ടെന്ന് തോന്നുന്നു. റോഡിൽ നിന്നിറങ്ങി ഒരു ചിറ വഴി നടക്കണം.

കാട്ടുകൂവകൾ വേലി കെട്ടിയ തോട്ടിൻ കരയിലൂടെ ഞങ്ങൾ നടന്നു. സുജിത കാഴ്ചകൾ കണ്ട് ഓരോന്ന് ചോദിച്ച് കൊണ്ട് കൂടെ നടക്കുകയാണ്. പല ചിന്തകളിലായതിനാലാവാം ചുരുങ്ങിയ മറുപടികൾ മാത്രം നൽകി.

അച്ഛൻ മരിച്ചിട്ട് ഇന്നേക്ക് പന്ത്രണ്ട് ദിവസമാവുന്നു. മരിച്ച വീട്ടിലെ പതിവു കയറിയിറക്കങ്ങൾക്ക് ഇപ്പോ ശമനം വന്നിട്ടുണ്ട്. വീടിപ്പോൾ അമ്മയും ഞാനും അനുജത്തിയും തീർക്കുന്ന ഒച്ചയില്ലായ്മയുടെ തുരുത്തായി മാറിയിരിക്കുന്നു. കൊട്ട വെള്ളം ഇറ്റിവീഴും പോലെ അമ്മ വല്ലതും ഇടക്കു മിണ്ടിയാലായി... അത് തന്നെ ചില കൽപനകൾ മാത്രം...

അച്ഛനുണ്ടായിട്ടും അമ്മ ഒരു ഒട്ടകത്തെ പോലെ ആ വീടിന്റെ ഭാരം പേറി നടന്നവളാണ്...അമ്മയുടെ അധ്വാനം കൊണ്ടാണ് ആ കുടുംബം ഇതു വരെ പട്ടിണിയില്ലാതെ കഴിഞ്ഞു പോയിരുന്നത്. തൊഴിലുറപ്പിനു പോയും പശുവിനെ വളർത്തിയും കിട്ടുന്നതെല്ലാം ഉറുമ്പു കൊണ്ടുവെക്കുമ്പോലെ അമ്മ സ്വരുക്കൂട്ടി വെക്കും. അച്ഛൻെറ ചെറിയ ചായപ്പീടികയിൽ നിന്ന് വലിയ വരുമാനമൊന്നും ഉണ്ടായിരുന്നില്ല. അരലിറ്റർ പാലും കൊണ്ട് രാവിലെ പുറപ്പെടുമ്പോഴുള്ള ധൃതി കണ്ടാൽ അവിടെ പത്തിരുപത് പേർ

കാത്തിരിക്കുന്നുണ്ടെന്ന് തോന്നും. ഒരു ദിവസം ആകെ പത്തു പേർ ചായ കുടിക്കാൻ വരുന്നുണ്ടോ എന്ന് പലപ്പോഴും അമ്മ ചോദിക്കുന്നത് കേൾക്കാം.



നല്ല കച്ചവടമൊന്നുമില്ലാത്ത ഈ കട എന്തിനാ അച്ഛൻ നടത്തുന്നതെന്ന് ആദ്യമൊക്കെ തോന്നാറുണ്ട്. കേൾവിക്കുറവുള്ള അച്ഛന് മറ്റ് പണികൾ ചെയ്യുന്നതിലെ ബുദ്ധിമുട്ടാവാം കാരണമെന്ന് പിന്നീട് സ്വയം മനസിലാക്കി. അല്ലെങ്കിൽ അത്രയും പ്രിയപ്പെട്ട ആ കട വിട്ട് മറ്റൊരു ജോലി തേടാൻ അച്ഛന് മനസ്സില്ലായിരിക്കാം.

എല്ലാ മക്കളെയും പോലെ അച്ഛനിൽ നിന്ന് വലിയ സൗഭാഗ്യങ്ങളും സന്തോഷങ്ങളും ഞങ്ങൾക്ക് കിട്ടിയിരുന്നില്ല. വൈകിട്ട് അച്ഛൻ കൊണ്ടുവരുന്ന അച്ഛന്റെ കടയിലെ തന്നെ പൊട്ടിയ ബിസ്കറ്റിനും അൽപം പഴകിയ അവിലിനും മിക്സ്ചറിനുമൊക്കെ വേണ്ടിയായിരുന്നു ഞങ്ങളുടെ കാത്തിരിപ്പ്.

രാവിലെ കടയിൽ പോകുമ്പോൾ സ്കൂൾ കുട്ടികളായ ഞങ്ങൾക്ക് ബസിന് കൊടുക്കാൻ ജനൽപ്പടിയിൽ വെക്കുന്ന നാലുരൂപയായിരുന്നു ആകെ കിട്ടുന്ന പോക്കറ്റ് മണി. മറ്റാവശ്യങ്ങൾക്കെല്ലാം അമ്മ തന്നെ ശരണം. കൊല്ലത്തിൽ വിശേഷദിവസങ്ങളിൽ വീട്ടുസാധനങ്ങൾ വാങ്ങാനോ മറ്റോ അച്ഛൻ ചെലവാക്കിയാലായി. ഇവയെല്ലാം കൊണ്ടായിരിക്കാം അമ്മ അച്ഛനോട് മിക്കപ്പോഴും വഴക്കിടും.

" ഉയ്യന്റെ ദൈവേ, ഈ രണ്ട് പെമ്പിള്ളറെ ഞാനെങ്ങനെ കെട്ടിച്ചയക്കാനാ? ഇയാക്ക് ഈന്റെ വല്ല വിചാരവും ഒണ്ടോ? "

ഇങ്ങനെ ഇടയ്ക്കിടെ അമ്മ വിലപിക്കും.

ചിലപ്പോൾ അച്ഛൻ തിരിച്ച് വാദിക്കും. വിഫലം! അമ്മയെ തോൽപ്പിക്കാനിതുവരെ കഴിഞ്ഞിട്ടില്ല. അതുമല്ലെങ്കിൽ അന്നത്തെ വീട്ടിലെ ചായ കുടി നിരസിച്ച് വഴി നീളെ അമ്മയെ പുച്ഛിച്ച് സ്വയം മിടുക്കനായി ഒരു ഇറങ്ങിപ്പോക്കാണ്. ബഹിഷ്കരണമെന്ന സമരമാർഗം ! ഇത് അമ്മയെ ഒട്ടും ചൊടിപ്പിക്കില്ല. വഴിക്ക് മോഹനാട്ടന്റെ കടയിൽ നിന്ന് ചൂടുള്ള ചായയും പൂരിയും മൃഷ്ടാന്നം കഴിക്കുമെന്ന് അറിയുന്നത് കൊണ്ട് തന്നെ.

ഇതിനിടയിൽ വലിയ മോഹസങ്കൽപങ്ങളൊന്നുമില്ലാതെ ഞാനും അനുജത്തിയും വളർന്നു. ജീവിതം അങ്ങനെ തിരയിളക്കങ്ങളില്ലാതെ ഒഴുകിനീങ്ങവെയാണ് അച്ഛന് സുഖമില്ലാതാവുന്നത്. കടയിൽ വെച്ച് പെട്ടെന്ന് തളർന്നു വീഴുകയായിരുന്നു. സ്ഥിരം ചായകുടിക്കാരായ കൈക്കോട്ട് പണിക്കാർ ഗോവിന്ദാട്ടനും കുഞ്ഞിരാമേട്ടനും ആളെ വിളിച്ച് ആശുപത്രിയിലെത്തിച്ചു. അങ്ങനെ മൂന്ന് ദിവസം ഐസിയുവിൽ കിടന്ന് നാലാം ദിവസം അച്ഛൻ മരിച്ചു. രക്തക്കുഴലിലെ ബ്ലോക്ക് അച്ഛന് പോവാൻ ഒരു

കാരണമായി . ഒരു പ്രമേഹ രോഗിയായിരുന്നിട്ടും ചായയിലെ മധുരം കുറക്കാൻ അച്ഛൻ തയാറായിരുന്നില്ല. ഒരു മധുരച്ചിരി ചുണ്ടിൽ ബാക്കി വെച്ച് അച്ഛൻ പോയി.

അന്ന് ആരൊക്കെയോ ചേർന്ന് അടച്ച ആ കടയിലെ അവശേഷിക്കുന്ന സാധനങ്ങൾ എടുക്കാനാണ് ഞങ്ങൾ പോവുന്നത്. തോടിൻെറ കരയിലൂടെ ഇനിയും നടക്കാനുണ്ട്. പണ്ടെപ്പോഴോ കടയിൽ പോയതും അന്ന് തിന്ന ചക്കര മിഠായിയുടെ മധുരവും നനുത്തൊരു ഓർമയായി മനസിലുണ്ട്.

കടയിലേക്കുള്ള വഴി പറഞ്ഞു തന്നത് അമ്മയാണ്. അഞ്ച് പാലങ്ങൾ കടന്നു വേണം അച്ഛൻെറ കടയിലെത്താൻ. പുഴയോട് ചേരുന്ന വലിയ തോടിനടുത്താണ് അച്ഛൻെറ ചായക്കട. ഇത്രയും സൂചനകൾ മാത്രമറിയാം.

ഇപ്പോൾ മൂന്ന് പാലങ്ങൾ കഴിഞ്ഞു. വഴിയിൽ ഒരു ടെയിലർ ഷോപ്പ് കണ്ടു.

"ആരാ മക്കളേ, എങ്ങോട്ടാ പോണേ? " കണ്ണട വെച്ച ആ ഏട്ടൻ ചോദിച്ചു.

"ഞാൻ ചായപ്പീടിയക്കാരൻ കുമാരൻെറ മോളാ. അച്ഛൻെറ പിടിയേലേക്ക് പോന്ന്യാ."

" ഓ, ങമ്മളെ കുമാരൻെറ മോളാ. മോളെ പേരെന്നേനു? "രമ്യ ". ഞാൻ മെല്ലെ പറഞ്ഞു.

' ആ, നീ ബണ്ണം വെച്ചല്ലോ. ഓൻ മരിച്ചേരം ഞാൻ ബന്നിന്. ഇങ്ങളെയൊന്നും കാണാൻ പറ്റീല. ഇങ്ങള് ഈ തോട്ടിൻെറ അരിക്കൂടെ മുന്നോട്ട് നടന്നോ. ഞാനും വരണോ? "

ആ ഏട്ടന്റെ വാക്കുകളിൽ അച്ഛനോടുള്ള സൗഹൃദത്തിന്റെ സ്നേഹമൂറുന്നുണ്ടായിരുന്നു.

"വേണ്ട ഏട്ടാ, നമ്മള് പോയ്ക്കോളാ"

ഞങ്ങൾ നടന്നു. ഈ യാത്ര ഇഷ്ടപ്പെട്ട് വന്നതൊന്നുമല്ല. പൊളിഞ്ഞു വീഴാറായ ആ ചായക്കടയിൽ നിന്ന് എന്ത് നിധി കിട്ടാൻ !

'മോളേ, അച്ഛൻെറ നല്ല തുണികളും ചായ പാത്രങ്ങളും ആട ഉണ്ടാകും. പിന്നെ, അച്ഛന്റെ ചില്ലറ പൈസയുമുണ്ടാകും."

അമ്മയുടെ നിർബന്ധം കഠിനമായപ്പോൾ മനസ്സില്ലാ മനസ്സോടെ സുജിതയെയും കൂട്ടി ഇറങ്ങിയതാണ്. ആ പണത്തിൽ മാത്രമാണ് അമ്മയുടെ പ്രതീക്ഷയെന്ന് തോന്നിപ്പോവും.

അറിയാത്ത വഴികളായതു കൊണ്ട് പേടിയുണ്ടായിരുന്നു. അച്ഛന്റെ പെങ്ങളുടെ വീട് ആ വഴിക്കാണ്. വഴിയിൽ എവിടേലും അവരുടെ മകൻ സുരേഷ് ഉണ്ടാവുമെന്ന അമ്മയുടെ ഉറപ്പിലാണ് ഈ നടത്തം. നാലാമത്തെ പാലവും കഴിഞ്ഞാണ് സുരേഷിനെ കണ്ടത്. വീതി കൂടിയ തോട്ടിൽ നിന്നും അവൻ കൂട്ടുകാർക്കൊപ്പം മീൻ പിടിക്കുവായിരുന്നു. ഞങ്ങളെ കണ്ടപ്പോ അവൻ ചൂണ്ട അവരെ എൽപിച്ചു. ബക്കറ്റിലെ വെള്ളത്തിൽ തലവെട്ടിച്ച് നീന്തിക്കളിക്കുന്ന പരൽമീനുകളെ ഞങ്ങൾ അതിശയത്തോടെ നോക്കി.

" വേഗം പോയി വരാം." സുരേഷ് ധൃതി കാണിച്ചു. വഴിയിൽ പലരെയും കണ്ടു.

ഗോവിന്ദാട്ടൻ, സരോജിനിയേച്ചി, സതിയേച്ചി ഇങ്ങനെ ചിലർ സ്വയം പരിചയപ്പെടുത്തി. അച്ഛൻ മരിച്ചപ്പോൾ ഞങ്ങൾക്കില്ലാത്ത സങ്കടം അവരുടെ കണ്ണുകളിലും വാക്കുകളിലും നിറഞ്ഞിരുന്നു. അച്ഛനും ഞങ്ങളും തമ്മിൽ പരസ്പരം സ്നേഹപ്രകടനങ്ങൾ കുറവായിരുന്നു. അതുപോലെ അച്ഛൻ മരിച്ചപ്പോൾ ഒരു തരം നിർവികാരതയിൽ നിന്നുണ്ടായ മരവിപ്പാണുണ്ടായത്. ഒരു ഔപചാരികതയെന്ന പോലെ കണ്ണീർ ഇത്തിരി അടർന്നു വീണു. അത്രമാത്രം.

അങ്ങനെ ആ വലിയ തെങ്ങിൻ തോപ്പിന് നടുവിലെ ചായപ്പീടികക്കരികിൽ ഞങ്ങൾ എത്തിച്ചേരുന്നു. അച്ഛൻ പതിവായി വെള്ളം കോരുന്ന കിണർ കണ്ടു. പിറകിൽ നിശബ്ദമായി ഒരു പുഴ ഒഴുകുന്നുമുണ്ട്. സുരേഷ് കടയുടെ നിരപ്പലകകൾ ഓരോന്നായി എടുത്തു മാറ്റി. ഉള്ളിൽ ഒരു മേശമേൽ മൂന്ന് നാല് ഭരണികൾ. അതിൽ ബിസ്കറ്റ്, മുറുക്ക്, ബർക്കി ഇവ മങ്ങിയ നിറത്തിൽ കാണാം. അവിടെ കണ്ട ഒരു സഞ്ചിയിൽ ചായപ്പാത്രങ്ങളും ഗ്ലാസും എടുത്തു വെച്ചു. നന്നെ പഴകിയതിനാൽ ഭരണികൾ എടുക്കാൻ തോന്നിയില്ല.

കടമുറിയിലെ അയയിൽ തൂക്കിയിട്ട തുണികൾ വാരി മറ്റൊരു കവറിലിട്ടു. തുണികളുടെ അടിയിലുണ്ടായിരുന്ന ട്രൗസറിന് ഭാരമുള്ളത് പോലെ തോന്നി. ചില്ലറ പൈസ കിലുങ്ങുന്നുണ്ട്. ട്രൗസറിൻെറ കീശ തപ്പി. ഒരു ടവ്വൽ ഭദ്രമായി മടക്കി കെട്ടിവെച്ചിരിക്കുന്നു. മെല്ലെ തുറന്ന് നോക്കി. സുജിതയും സുരേഷും അടുത്തു വന്നു. അടുക്കിവെച്ച കുറെ നോട്ടു കെട്ടുകൾ ! കുറച്ച് ചില്ലറ പൈസയും. സുരേഷ് കണ്ണ് മിഴിക്കുന്നത് കണ്ടു. എണ്ണിനോക്കണോ വേണ്ടയോ എന്ന് സംശയിച്ചു. ആ ടവ്വലിൽ ഒരു പോക്കറ്റ് ഡയറി കൂടി ഉണ്ടായിരുന്നു. വിറക്കുന്ന കൈകളാൽ മറിച്ചു നോക്കി. നിറം മങ്ങിയ പേജുകൾ . ഓരോ പേജിലും നീല മഷിയാൽ ചിലത് കുത്തിക്കുറിച്ചിരിക്കുന്നു. ചിത്രം വരച്ച പോലുള്ള അക്ഷരങ്ങൾ.വായിച്ചെടുക്കാൻ നന്നേ പ്രയാസം. എങ്കിലും ഇടയ്ക്ക് ഒരു പേജിൽ കണ്ട വാക്കുകളിൽ കണ്ണ് ഉടക്കി.

' മോള്ടെ കല്യാണത്തിന് പൊന്ന് വാങ്ങാനുള്ള പൈസ. ഇതു വരെയൊന്നും കൊടുത്തിറ്റില്ല. ഒരു പവനെങ്കിലും ഈ പൈസ കൊണ്ട് വാങ്ങണം.'

സമയമെടുത്താണ് വായിച്ചത്.

കണ്ണീർ അടർന്നു വീണത് പെട്ടെന്നായിരുന്നു. നെഞ്ചിൽ വേദന അണപൊട്ടി ! ഓരോ പേജിലും തീയ്യതിയിട്ട് പൈസ എഴുതിയിരിക്കുന്നു. അവസാനമെഴുതിയ പൈസ വായിച്ചു നോക്കി. പത്തായിരത്തി ഇരുനൂറ്റി മുപ്പത്തിയാറ് !

ദിവസവും ഉറങ്ങും മുമ്പേ ആരും കാണാതെ എണ്ണിയ പൈസയുടെ കണക്കുകൾ ! ചില്ലറ പൈസ പോലും എണ്ണിയിട്ടുണ്ടാവും. നെഞ്ചിൽ വല്ലാത്തൊരു വേദന തോന്നി. അച്ഛനെന്ന മനുഷ്യന്റെ ജീവിതകാലം മുഴുവനായുള്ള സമ്പാദ്യം. ചായപ്പീടികയിൽ നിന്ന് കിട്ടിയ പത്തിന്റെയും നൂറിൻെറയും നോട്ടുകൾ വലിയൊരു കെട്ടായി മാറിയിരിക്കുന്നു !

" ആ മതി നോക്കി നിന്നത്. ആരെങ്കിലും കാണും മുമ്പേ വേഗം കെട്ടീറ്റ് കവറിലിട്. നേരം കൊറെയായി. നിങ്ങക്ക് അങ്ങ് എത്തണ്ടെയല്ലേ "

പിന്നെ, വല്ലാത്തൊരു തരിപ്പിലായിരുന്നു. സുരേഷ് വേഗം കട പൂട്ടി. കിട്ടിയ സാധനങ്ങളും പണവുമായി ഞങ്ങൾ മടങ്ങി. ഇതുവരെയൊന്നും തരാത്ത അച്ഛൻ പിശുക്കി വെച്ച ഈ കാശ് എന്നെ വല്ലാതെ നൊമ്പരപ്പെടുത്തി. ഈ പണം സ്വീകരിക്കാനുള്ള അർഹതയുണ്ടോ എന്ന സംശയത്താലായിരുന്നു മടക്കം.

അപ്പോൾ തോട്ടരികിലെ തൊട്ടാവാടികൾ അന്തിമയക്കത്തിനുള്ള ഒരുക്കത്തിൽ കണ്ണു ചിമ്മി തുടങ്ങിയിരുന്നു. തലകുനിച്ച കൂവയിലകൾക്കിടയിലൂടെ അച്ഛന്റെ ചായപ്പീടികയിലെ നിധിയുമായി ഞങ്ങൾ നടന്നു. തിരിച്ചറിവിന്റെ മൗനം എന്നെയപ്പോൾ പൊതിഞ്ഞു പിടിച്ചിരുന്നു.



# My Memorable Experience



Feba Elizabeth joy
X C

Everyone in this world will have a lot of experiences in their life. It may be good one or bad one. But among them, a memorable experience will be special. There will be something special about it. We all learn something new from that experiences. All of them are teaching us something through them. In my case, memorable experience was teaching.

Teaching is a profession which I admired a lot in my life. To teach someone a new thing is great. Teachers will face so many problems. I've never imagined me as a teacher. But l always have that choice to choose it as a profession. To be a teacher while was studying was a different kind of memory that I will cherish in my life forever. It was a golden opportunity for me to teach my friends. It was on Teacher's day. It's an opportunity for me to teach my favourite subject in my class itself. At first I thought, it is a kind of weird. But then I thought its something rare and everyone won't get an opportunity like this in a very early age. And the next thing was about the subject. There are so many favourite subjects and it was a herculean task for me to choose one of them. And ended up in Mathematics. Everyone's suggestion was to take the upcoming chapters to teach. There comes another problem. It was 'Trigonometry '. It heard before that it's one of the tough portion in Maths. Finally l agreed to take that risk for a period. Teaching my friends was a task for me. Moreover, l researched a lot about the topic which I want to take that day. I realised that its not that much easy to teach should be prepared to answer the questions. I studied a lot of things in Maths while that time. The class went well. I made assure that everyone was clear about the topic. I got appreciation and positive responses from people about my class. The decision to teach was a right thing and it made me happy.

Every person in this world will have a memorable experience. My Memorable experience teach me a lot of things. It will help me later. For me, it was a good experience. And behind every experience, definitely there will be a lesson for us. It will help us to correct our mistakes and move on.



Ajaldev M
III A



# Shubham's Space Adventure



Shubham Mahanta IX C

Once upon a time in a quaint little town, there lived a boy named Shubham. Shubham was an ordinary boy with an extraordinary dream - to explore the mysteries of space. He would spend hours gazing at the twinkling stars in the night sky, imagining what lay beyond the vast expanse of the universe.

One fateful night, as Shubham lay on his rooftop watching a meteor shower, he saw a shooting star streak across the sky. In a moment of impulse, he closed his eyes and made a wish - to travel to the stars and unravel the secrets of the cosmos.

To his surprise, the shooting star seemed to pause in its trajectory before descending towards him. Before he knew it, Shubham found himself enveloped in a blinding light, his body weightless as if floating in space.

When the light dissipated, Shubham opened his eyes to find himself in a strange, metallic chamber filled with glowing buttons and blinking lights. He realized he was inside a spaceship, and he was not alone.

Standing before him was a group of beings unlike any he had ever seen - they had shimmering silver skin, luminous eyes, and spoke in a melodic language that resonated like music in Shubham's ears. One of them, with a kind smile on their face, introduced themselves as Zara, the captain of the spaceship.

Zara explained that they had intercepted Shubham's wish and decided to grant it by taking him on an interstellar journey to explore the wonders of the universe. Shubham was both terrified and exhilarated at the prospect of traveling through space with these enigmatic beings.

As the spaceship soared through galaxies and nebulae at unimaginable speeds, Shubham marveled at the cosmic splendor that unfolded before his eyes. He saw planets made of crystal, moons of fire, and asteroid fields that glittered like diamonds in the void.

Zara and their crewmates showed Shubham their advanced technology - holographic displays, teleportation devices, and energy shields that could withstand the harshest of cosmic storms. They explained the principles of quantum physics, warp drives, and wormholes that enabled them to traverse the universe with ease.

Shubham eagerly absorbed every bit of information, his mind expanding with the vastness of knowledge that lay before him. He asked questions about black holes, alien civilizations, and the origins of the universe, to which Zara and their crewmates patiently answered, sharing their wisdom and insights with him.

One day, as they approached a distant planet shrouded in mist and shadows, Zara informed Shubham that they had detected a distress signal emanating from its surface. Without hesitation, Shubham volunteered to join the rescue mission, eager to help those in need.

As they descended towards the planet, Shubham felt a sense of foreboding - the atmosphere was thick with tension, and the landscape seemed desolate and barren. Zara cautioned him to stay close and be vigilant, as they didn't know what dangers awaited them.

They followed the distress signal to a crumbling temple at the heart of the planet, where they found a lone figure huddled in the shadows. It was a humanoid being, wounded and weak, speaking in a language that none of them understood.

Using a universal translator device, Shubham was able to communicate with the being, who introduced themselves as Lyla, a member of an ancient civilization that had been ravaged by a cosmic cataclysm. Lyla explained that their people had been scattered across the stars, and they were the last survivor left on the planet.

Touched by Lyla's plight, Shubham and Zara resolved to help them reunite with their people and rebuild their civilization. They embarked on a journey across the galaxy, facing challenges and obstacles that tested their courage, intelligence, and compassion.

Together, Shubham, Zara, and Lyla traveled to distant worlds, forged alliances with alien races, and unraveled the mysteries of the cosmos. They discovered ancient artifacts, lost technologies, and hidden knowledge that shed light on the origins of the universe and the interconnectedness of all life forms.

Through their adventures, Shubham learned the true meaning of friendship, bravery, and empathy. He witnessed the power of unity, the resilience of the human spirit, and the beauty of diversity that defined the universe.

As they bid farewell to Lyla and embarked on their journey back to Earth, Shubham felt a deep sense of gratitude for the experiences he had shared with Zara and their newfound friends. He knew that his life would never be the same again, for he had seen the wonders of the cosmos and carried the wisdom of the stars within his heart.

And so, as the spaceship vanished into the infinite horizon, Shubham looked up at the night sky with a renewed sense of wonder and awe. He knew that no matter where his adventures took him next, he would always be guided by the light of the stars and the knowledge that the universe was vast, mysterious, and full of endless possibilities.

# മാന്ത്രികപ്പൂച്ചയ്ക്കൊരു ആസ്വാദനം



തീർത്ഥ കൃഷ്ണൻ .കെ
VIII ബി

വായനക്കാർക്ക് ആസ്വദകരവും ഹാസ്യവും നിറഞ്ഞുനിൽക്കുന്ന രചനയാണ് ബഷീറിന്റെ മാന്ത്രികപ്പൂച്ച. കടലിനരികെയുള്ള രണ്ടേക്കറോളം വരുന്ന പുരയിടത്തിലാണ് ബഷീറും ഭാര്യയും മകളും താമസിച്ചിരുന്നത്.
ഈ പുരയിടത്തിൽ പശുക്കൾ , കോഴികൾ , പക്ഷികൾ , പട്ടികൾ , കീരി തുടങ്ങിയ സകല ജീവജാലങ്ങളും മരങ്ങളും ചെടികളും ഉണ്ട് .

അങ്ങനെയിരിക്കെ ബഷീറിന്റെ മകൾ കളിക്കാൻ തനിക്കൊരു കൂട്ടുകാരി ഇല്ലായെന്ന് ബഷീറിനോട് സങ്കടം പറഞ്ഞു. അങ്ങനെ ഉമ്മയും ബാപ്പയും കൂടി ഒരു പൂച്ചയെ നൽകി. മുസ്ലീം കുടുംബമായതിനാൽ പൂച്ചയ്ക്ക് കൈസുക്കുട്ടി എന്ന് പേരുമിട്ടു. വീട്ടിൽ വളർത്തുന്ന വൈറ്റ് ലെഗോൺ എന്ന പൂവൻകോഴിയാണ് മറ്റൊരു താരം. 16 പിടക്കോഴികളുടെ ഭർത്താവാണ് ഈ മഹാൻ. ബഷീറിന്റെ ചാരുകസേരയാണ് ഈ പൂവൻ കോഴിയുടെ വിശ്രമസ്ഥലം. സ്ത്രീസമൂഹത്തെ സൗഭാഗ്യവതികൾ എന്നാണ് ബഷീർ വിശേഷിപ്പിക്കുന്നത്. ഒരിക്കൽ കൈസുപ്പൂച്ച ആൺപൂച്ചയാണെന്ന് സ്ത്രീസൗഭാഗ്യവതികൾ തിരിച്ചറിയുന്നു. തുടർന്ന് സ്ത്രീ സമൂഹം അതിനെ അകറ്റിനിർത്തുന്നു. കൈസു എന്ന പേര് മാറ്റി നീലാണ്ടൻ എന്ന പേരുമിട്ടു. അങ്ങനെ അത് ഹിന്ദുപ്പൂച്ചയായി. പെൺപൂച്ച പെട്ടെന്നൊരു ദിവസം ആൺപൂച്ചയായപ്പോൾ അവരതിനെ മാന്ത്രികപ്പൂച്ച എന്ന് വിളിച്ചു. അതിന് കാരണം ബഷീർ ആണെന്നവർ വിശ്വസിച്ചു. അങ്ങനെയിരിക്കെ ഒരുദിവസം നീലാണ്ടനെ കാണാതാവും. സ്ത്രീസമൂഹം ഭയപ്പെട്ടു. രാത്രികളിൽ നീലാണ്ടനെ സ്വപ്നം കണ്ട് ഞെട്ടിയുണരും. കുറച്ച് ദിവസത്തിന് ശേഷം നീലാണ്ടൻ വീണ്ടും പ്രത്യക്ഷപ്പെടും. സൗഭാഗ്യവതികൾ അതിനെ മൈന്റ് ചെയ്യുന്നില്ലെങ്കിലും ആഹാരം കൃത്യസമയത്ത് കൊടുക്കും.



ബഷീറെന്ന മഹാനായ എഴുത്തുകാരന്റെ ശ്രദ്ധേയമായൊരു കഥയാണ് മാന്ത്രികപ്പൂച്ച. സ്വന്തം വീട്ടിലും പരിസരങ്ങളിലും നാട്ടിലും ബഷീർ കണ്ട കാഴ്ചകളിൽ നിന്നും സ്വന്തം അനുഭവങ്ങളിൽ നിന്നും ഉണ്ടാകുന്ന ബഷീറിന്റെ കഥകളിൽ അദ്ദേഹത്തിന്റെ വാക്കുകളുടെ സൗന്ദര്യം ആക്ഷേപഹാസ്യവും നർമങ്ങളും നൊമ്പരങ്ങളും വായനക്കാരെ മറ്റൊരു ലോകത്ത് എത്തിക്കും. വൈക്കം മുഹമ്മദ് ബഷീർ എന്ന മഹാനായ എഴുത്തുകാരന് പ്രണാമം.

# ബാനർ കെട്ടുന്ന ആകാശം



എം . മനോജ് കുമാർ
അധ്യാപകൻ



മരത്തിലൂടെ മതിൽ കടന്നു
ചെന്ന്
ചില്ലയിൽ കൺ
തളിർത്തിരിക്കണം ...
താഴ്ച്ചയിൽ ഇരുട്ട് കയറുന്ന
കറക്കം നോക്കി
നേരം
ചുരുട്ടിക്കൂട്ടരുത്.

ഏകാന്തതയുടെ ആഴം
വിരിച്ചുകെട്ടി
ആകാശമെഴുതുന്ന
പ്രാണവരികളുടെ
അവയിലെ
ഇലപ്പിടപ്പുകളുടെ
ധ്യാനം
സ്വന്തമാക്കാൻ
നോക്കണം.

പെയ്തും
പരന്നും
അത്ര വേഗം
ഇറങ്ങിവരാവുന്ന
ഓർമ്മയുടെ
നിമിഷമുനമ്പിലല്ല
നമ്മൾ ഇപ്പോഴും
ഉള്ളത്.



Fathima Amra
VII A



# ഒരു വിസ്മയ അനുഭവക്കുറിപ്പ്



ഫാത്തിമത്തുൽ ഷിഫ കെ . ടി
6 സി



വിസ്മയയിലേക്ക് ഞാൻ ആദ്യമായിട്ടാണ് പോകുന്നത്. അതും എന്റെ ചങ്ങാതിമാരോടൊപ്പം ആയിരുന്നതിൽ എനിക്ക് വളരെ അധികം സന്തോഷമുണ്ട്. ഞാൻ ഉദ്ദേശിച്ചതിലും അപ്പുറമായിരുന്നു അവിടുത്തെ കാഴ്ച്ചകൾ.ആദ്യം അവിടെ കയറിയപ്പോഴേ എനിക്ക് കളിക്കാൻ കൊതിയായി. അവിടെ കയറിയ ശേഷം ബാഗ് വെച്ചു. എന്നിട്ട് നേരെ കളിക്കാൻ പോയി. ആദ്യം തന്നെ സ്വിമ്മിംഗ് പൂൾ ആണ് കണ്ടത്. പിന്നെ കുറേ റൈഡുകൾ ഉണ്ടായിരുന്നു. അതിൽ കയറാൻ ഒക്കെ വലിയ ക്യൂ ഉണ്ട്.പക്ഷേ കളിക്കേണ്ട ആഹ്ലാദം കൊണ്ട് കുറെ സമയം നിന്നാലും ഒരു പ്രശ്നവുമില്ല. അങ്ങനെ പറ്റുന്ന എല്ലാ റൈഡുകളിലും കയറി.

ഉച്ചയായപ്പോൾ ഭക്ഷണം കഴിക്കാൻ ഞങ്ങളെ മാഷ് വിളിച്ചു. നേരെ മുകളിലേക്ക് കയറി നല്ല ചിക്കൻ ബിരിയാണി കഴിച്ചു. ശേഷം കുറച്ച് റൈഡിൽ കൂടി കയറാൻ ബാക്കിയുണ്ടായിരുന്നു. അതിലും കയറി അതാ നേരെ സ്വിമ്മിംഗ് പൂളിലേക്ക്. സ്വിമ്മിംഗ് പൂൾ മാത്രമല്ല വെള്ളത്തിൽ കൂടി പോകുന്ന ട്രെയിൻ ഉണ്ട്. പിന്നെ റൈഡിലൂടെ ട്യൂബിൽ ഇരുന്നും പോകാം. അങ്ങനെ വെള്ളത്തിൽ കളിച്ചു. പിന്നെ അതാ എല്ലാവരും ഓടുന്നു. ഞാൻ എല്ലാവരും എങ്ങോട്ടാണ് ഓടുന്നത് എന്ന് നോക്കാൻ പോയി. അവിടെ അതാ ഡിജെ മലയിൽനിന്നും വെള്ളം വീണ് അടിപൊളി പാട്ടും വെച്ച്..... നല്ല രസമുണ്ടായിരുന്നു. പിന്നെ തിരമാല വരുന്ന പൂൾ.... ഞാൻ പരമാവധി റൈഡിൽ കയറി കുറെ ആസ്വദിച്ചു. ഈ ടൂർ ഞാനെന്റെ ജീവിതത്തിൽ മറക്കില്ല, അത്രയും ഇഷ്ടമായി...

# സങ്കടത്തിന്റെ കടൽ



അചൽദാസ് . സി
10 സി

"എത്ര നന്നായിരുന്നു എൻെറ ജീവിതം. അച്ഛനും അമ്മയും എല്ലാവരും എന്നെ ഇഷ്ട്ടപ്പെട്ടിരുന്നു. ഇന്നു ഞാൻ ഇവിടെ അകപ്പെട്ടിരിക്കുന്നു. എൻെറ ഉറ്റവരെ കാണാതെ അവരുടെ സ്നേഹം അനുഭവിക്കാതെ".....

അവൻ അഴികളിൽ പിടിച്ച് പൊട്ടിക്കരഞ്ഞു.ജീവിതത്തിന്റ ഗതികൾ മാറ്റിയ ദിവസങ്ങളിലേക്ക് അവൻ തിരിഞ്ഞു നോക്കി.

"അമ്മേ മറ്റുള്ളവർ എന്തു ചിന്തിക്കുന്നു, എന്ത് ആഗ്രഹിക്കുന്നു എന്നറിയുന്നതിൽ എന്തെങ്കിലും തെറ്റുണ്ടോ!." അവൻ അമ്മയോട് ആകാംക്ഷയോടെ ചോദിച്ചു. അടുക്കളയിലെ ഗന്ധം വീടാകെ പരക്കുന്നുണ്ടായിരുന്നു ."ഒരാളുടെ ആഗ്രഹം അവരുടെ സ്വകാര്യതയാണെങ്കിൽ, അതറിയുന്നത് തെറ്റാണ്. നിനക്ക് മറ്റുള്ളവരുടെ ആഗ്രഹം സഫലമാക്കുന്നതിൽ സഹായിക്കണമെങ്കിൽ അവരെ ഉപദ്രവിക്കാതെ അസ്വസ്ഥരാക്കാതെ സഹായിക്കാം, ആഗ്രഹം അറിയാതെ തന്നെ" അമ്മ കുറച്ചുനേരം ആലോചിച്ചായിരുന്നു മറുപടി പറഞ്ഞത്. അവൻ എന്തോ ആലോചിച്ച് അടുക്കള വിട്ടുപോയി.

മുഷിഞ്ഞ വസ്ത്രങ്ങൾ അവിടവിടെയായി വലിച്ചെറിഞ്ഞ് ആകെ ദുർഗന്ധം നിറഞ്ഞ ഒരു മുറിയായിരുന്നു അവന്റേത്. അച്ഛനോട് അപേക്ഷിച്ച് കോളേജ് പഠനത്തിന് എന്ന പേരിൽ വാങ്ങിയ ഒരു ലാപ്ടോപ്പ്. അതിന് ചുറ്റും നിർബന്ധത്താൽ വാങ്ങിച്ച മോണിറ്ററുകൾ,ഹെഡ് ഫോണുകൾ... അങ്ങിനിങ്ങനെ കിടക്കുന്നു.



അവൻ തന്റെ ഹാക്കിംഗ് കണ്ണുകൾ ലാപ്ടോപ്പിലേക്ക് തിരിച്ചു. ഒരുനാൾ കൗതുകത്തിന് പഠിച്ച ഒരു കാര്യം ഇന്ന് അവൻ പണം സമ്പാദനത്തിനായി

ഉപയോഗിക്കുകയാണ്. വ്യക്തികളുടെ ഡാറ്റയാണ് അവൻ വ്യാപാരം ചെയ്യുന്നത്. അവർ എന്ത് ആഗ്രഹിക്കുന്നു, അവരുടെ സെർച്ചിങ് പാറ്റേൺ എന്തൊക്കെയാണ്, അവരുടെ മൊബൈൽ നമ്പർ, ഇ-മെയിൽ എല്ലാം, അവന്റെ വ്യാപാര വസ്തുക്കളാണ്. ഡാർക്ക് വെബ്ബിന്റെ ലോകത്ത് പരിചയപ്പെട്ട ഏതാനും"Anonymous" ആയ സുഹൃത്തുക്കൾ ആയിരുന്നു അവന്റെ വ്യാപാര ബന്ധങ്ങൾ. അന്ന് അവന് അറിയില്ലായിരുന്നു കുട്ടിക്കളി വിതയ്ക്കുന്ന വില എന്താണ് എന്ന്.

" ഡാ,എഴുന്നേൽക്ക് തിന്നാനും കുടിക്കാനും ഒന്നും വേണ്ട" പോലീസുകാരന്റെ വിളി അവനെ ചിന്തയിൽ നിന്നുണർത്തി. ഇവിടെ അവൻ വെറും നമ്പറാണ്.തന്റെ കുപ്പായത്തിൽ കറുത്ത മഷി കൊണ്ട് എഴുതിയ ഒരു നമ്പർ.ഇവിടെ അവന് ആരുമില്ല.ഇന്നവന്റെ മുഖംമൂടി അഴിഞ്ഞിരിക്കുന്നു. ഇന്ന് താൻ ചെയ്തതിനെ കുറിച്ച് അവൻ പശ്ചാത്തപിക്കുന്നു. പ്രലോഭനം വരുത്തിവെച്ച വിന അവൻ ഇന്ന് തിരിച്ചറിയുന്നു.

"we have to Rob some one". ആ മെസ്സേജ് അവന്റെ ഉറക്കത്തിനെ കൊന്നു. അന്ന് അവന്റെ ജീവിതത്തിലെ മറക്കാൻ പറ്റാത്ത ദിവസമായിരുന്നു.

തനിക്ക് കിട്ടുന്ന Ip address-ലെ വ്യക്തിയെ തിരഞ്ഞുപിടിച്ച് കണ്ടെത്തണം. അയാളുടെ സിസ്റ്റത്തിലെ ലൂപ്പ് ഹോൾ കണ്ടെത്തി അതിലെ വൾണറബിലറ്റിയെ ചൂഷണം ചെയ്യുക. ഇവിടെ പണമായിരുന്നു അവർ ചൂഷണം ചെയ്യാൻ തീരുമാനിച്ചിരുന്നത്. നേരത്തെ തന്നെ ഇവർ അദ്ദേഹത്തിന്റെ ഡീറ്റെയിൽസ് എടുത്തിരുന്നു. ചൂഷണ വിധേയന്റെ അവശ്യം പണമാണ്. പണത്തെ കരുവാക്കി അയാളെ ഇന്ന് തകർക്കും. അവൻ ഇന്ന് വളരെ അസ്വസ്ഥനാണ്. താൻ ചെയ്യുവാൻ പോകുന്ന കുറ്റത്തെ ഓർത്ത് അവൻ പശ്ചാത്തപിക്കുന്നു. എന്നാലും തന്റെ പണത്തിനോടുള്ള ആഗ്രഹം അവനെ തെറ്റ് ചെയ്യാൻ പ്രേരിപ്പിക്കുന്നു. തന്റെ ജോലി ഭംഗിയായി അവൻ ചെയ്തു കൊടുക്കുന്നു.

പക്ഷേ അപ്രതീക്ഷിത തിരിച്ചടി അവനെ തളർത്തുന്നു.

" ഡാ നിന്നെ കാണുവാൻ ആൾ വന്നിട്ടുണ്ട്". അവൻ പോലീസുകാരന്റെ പിന്നാലെ പോയി. വന്ന ആളെ കണ്ടപ്പോൾ അവന്റെ കണ്ണുകൾ കവിഞ്ഞൊഴുകി. "അച്ഛാ..." അവൻ ആർത്തു വിളിച്ചു. അച്ഛന്റെ കണ്ണുകൾ നിറഞ്ഞൊഴുകി. മകനെ പുണരാൻ കഴിയാത്തതിന്റെ വിഷമം അയാൾക്കുണ്ടായിരുന്നു. "കരയണ്ട മോനേ, നീ ഇവിടെ സുഖമല്ലേ, പ്രശ്നമുണ്ടോ?" അച്ഛന്റെ വാക്കുകൾ മുറിഞ്ഞു മുറിഞ്ഞു പോയി. "അച്ഛാ എന്നോട് ക്ഷമിക്ക്. ഞാൻ ഒന്നും ചെയ്യാൻ ഉദ്ദേശിച്ചിരുന്നില്ല അച്ഛാ". "സാരമില്ല മോനെ അമ്മയ്ക്ക് നിന്നെ വന്നു കാണാൻ പറ്റിയില്ല, നിന്നെ നോക്കാൻ ഒരു മടി". "സോറി അച്ഛാ,സോറി". അവന്റെ കണ്ണുകൾ നിറഞ്ഞൊഴുകി. "നിനക്ക് നിന്റെ കുടുംബം തന്നെ ഒരു വ്യാപാര വസ്തു ആയി, നമ്മുടെ പണം തന്നെ നീ കവരാൻ ശ്രമിച്ചു. എന്തിനായിരുന്നു, എന്തിനായിരുന്നു......" അച്ഛന്റെ വാക്കുകൾ നിന്നു. അവനെ പോലീസുകാർ വലിച്ചിഴച്ചു കൊണ്ടു പോയി. "ഞാനങ്ങനെ ചെയ്യില്ല അച്ഛാ,
പോവല്ലേ അച്ഛാ, ഞാൻ അങ്ങനെ...." അവന്റെ നിലവിളികൾ മങ്ങിപ്പോയി. സങ്കടത്തിന്റെ ആഴക്കടലിൽ അവൻ ആഴ്ന്നു പോയി.

# ചിന്നുവിന്റെ സ്വർണ്ണപ്പാത്രം



നേദ്യ .കെ
3 ബി

പണ്ട് പണ്ടൊരിടത്ത് ചിന്നു എന്നു പേരുള്ള ഒരു പെൺകുട്ടി ഉണ്ടായിരുന്നു. അവൾ അനാഥയായിരുന്നു. മണ്ണ് കൊണ്ട് മൺപാത്രങ്ങൾ നിർമ്മിച്ചായിരുന്നു അവൾ ജീവിച്ചത്. അങ്ങനെ ഒരു ദിവസം ചിന്നു മൺപാത്രം നിർമ്മിക്കുമ്പോൾ ശ്രദ്ധതെറ്റി കൈ മുറിഞ്ഞു. അവളുടെ കയ്യിൽ നിന്നും രക്തം വരാൻ തുടങ്ങി. അവൾക്ക് വല്ലാതെ വേദനിച്ചു. അവൾ ഉറക്കെ കരഞ്ഞു. കരച്ചിൽ കേട്ട് ഒരു മാലാഖ പ്രത്യക്ഷപ്പെട്ടു. ചിന്നുവിനെ വാരിയെടുത്ത് മരുന്നു കൊടുത്തു , ഭക്ഷണം കൊടുത്തു. പിന്നീട് ചിന്നു കിടന്നുറങ്ങി. രാവിലെ മൺപാത്രം നിർമ്മിക്കാൻ തുടങ്ങിയപ്പോൾ അതിൽ ഒരു സ്വർണ്ണപ്പാത്രം വന്നു. ചിന്നു അത്ഭുതത്തോടെ നോക്കി . ആ സ്വർണ്ണപ്പാത്രം കയ്യിലെടുത്തപ്പോൾ വീണ്ടും ആ മാലാഖ പ്രത്യക്ഷപ്പെട്ടു. നിന്റെ സത്യസന്ധമായ ജോലിക്ക് ഞാൻ തരുന്ന സമ്മാനമാണ് ഈ സ്വർണ്ണപ്പാത്രമെന്ന് പറഞ്ഞു. മാലാഖ അപ്രത്യക്ഷയായി. അങ്ങനെ നമ്മുടെ ചിന്നു പാത്രം വീണ്ടും നോക്കിയപ്പോൾ അതിൽ നിറയെ ഭക്ഷണവും വെള്ളവും അത്ഭുതകരമായി വന്നു. പിന്നീട് അവൾ കഷ്ടപ്പെടാതെ സുഖമായി കുറേക്കാലം ജീവിച്ചു.






Devika Sarath
IV B







ആഗ്നേയ് പ്രമോദ്
II ബി

# ചിക്കൻ കൊതിയൻ

രാമു രാവിലെ ഉണർന്നപ്പോൾ അപ്പുറത്തെ വീട്ടിൽ നിന്നും ചിക്കന്റെ മണം. അവൻ കൊതി വന്നു.
കട്ടു തിന്നാൽ തീർന്നു കാര്യം . കയ്യിൽ ആണെങ്കിൽ പൈസയും ഇല്ല. അങ്ങനെ നടക്കാൻ ഇറങ്ങിയപ്പോൾ
ദേ... ഒരു നായ ചിക്കൻ തിന്നുന്നു. " ഇനി ഇത് അവർ കൊടുത്തതായിരിക്കുമോ?..." രാമു ചിന്തിച്ചു. അപ്പോൾ അവന് ഒരു ഐഡിയ കിട്ടി. അവന് ഓടി ബെഡ്റൂമിൽ നിന്നും നായയുടെ വേഷം ഇട്ട് അപ്പുറത്തെ വീട്ടിൽ പോയി. അപ്പോൾ അവർ തിന്നതിന്റെ ബാക്കി അവന് കൊടുത്തു. അവന് സന്തോഷമായി. അവൻ അത് ആർത്തിയോടെ തിന്നു. അപ്പോഴാണ് അവന് ഒരു കാര്യം മനസിലായത്. ഞാൻ പല്ല് തേച്ചിട്ടില്ല !!!
അവൻ ചമ്മി പോയി...



فاطمت شفا
VI C



# توتا اور چڑیا

ایک جنگل میں توتا اور چڑیا تھا. توتا کا نام نیلو اور چڑیا کا نام مینو تھا. دونوں بڑے دوست تے.
ایک دن دونوں کھیل رہے تھے. توتا پاس کے ندی میں گرا. وہ بہت رویا. چڑیا پریشان ہوئی. چڑیا جا کر ایک پتہ لے کر آئی. توتا اس پر چڑ کر باہر آبا. چڑیا کو بہت خوش آیا

# അമ്മുവിന്റെ തത്ത



ആഷ്മിക
3 ബി

പണ്ട് പണ്ടൊരിടത്ത് അമ്മു എന്ന പേരുള്ള കുട്ടി ഉണ്ടായിരുന്നു. അവൾക്ക് ഒരു തത്ത ഉണ്ടായിരുന്നു. ആ തത്ത നന്നായി സംസാരിക്കും. ഒരു ദിവസം ആരോ ഒരാൾ കൂട് തുറന്ന് വിട്ടു. തത്ത പറന്നുപോയി. അവൾക്ക് അത് വലിയ വിഷമമുണ്ടാക്കി. ആ തത്ത അമ്മുവിന്റെ തത്തയാണെന്ന് അറിയാൻ തത്തയുടെ കഴുത്തിൽ ചുവപ്പ് മണികെട്ടി കൊടുത്തിരുന്നു. അതുകൊണ്ട് തത്തയെ തിരിച്ചറിയാൻ വലിയ പ്രയാസം ഇല്ല. കുറേ ദിവസങ്ങൾ കടന്നുപോയി.

അങ്ങനെ ഒരു ദിവസം ഒരു കൂട്ടം തത്തകൾ അമ്മുവിന്റെ വീട്ടിൽ വന്നു. അമ്മു ആ തത്തകൾക്ക് അരിമണികൾ കൊടുത്തു. അതിനിടെയാണ് ചുവപ്പ് മണിയുള്ള തത്തയെ അവൾ ശ്രദ്ധിച്ചത്. അവൾക്ക് മനസ്സിലായി അത് അവളുടെ തത്തയാണെന്ന്. അവൾ അതിനെ പെട്ടെന്ന് തന്നെ കൂട്ടിലടച്ചു. അരിമണികൾ തിന്നു മറ്റു തത്തകൾ പറന്നുപോയി. കുറച്ചു കഴിഞ്ഞപ്പോൾ അവളുടെ അമ്മ വന്നു. അമ്മ ചോദിച്ചു "നിനക്ക് എവിടെ നിന്നാണ് ഈ തത്തയെ കിട്ടിയത്? " "ഇത് എന്റെ തത്തയാണ്. പണ്ട് ആരോ കൂട് തുറന്നപ്പോൾ പാറിപ്പോയ എന്റെ തത്ത. അതിന്റെ കഴുത്തിൽ ഞാൻ കെട്ടിക്കൊടുത്ത ചുവപ്പു മണിയുണ്ട്."



അമ്മു പറഞ്ഞു.

"അമ്മു പക്ഷികൾ ഇങ്ങനെ കൂട്ടിലല്ല ജീവിക്കേണ്ടത്. അത് ആകാശത്തുകൂടെ പാറിക്കളിച്ചു നടക്കണം, അതാണ് അതിന്റെ ലോകം. അതിനാൽ നീ ഈ തത്തയെ തുറന്നു വിടൂ." അമ്മ പറഞ്ഞു. അങ്ങനെ അവൾ അമ്മ പറഞ്ഞതുപോലെ തത്തയെ തുറന്നുവിട്ടു. തത്ത സന്തോഷത്തോടെ പറന്നു പോയി



Aryadev E
V A



# വയനാടിലേക്ക് ഒരു യാത്ര



കൃഷ്ണപ്രിയ
8 A

ഏറെ നാളായി കാത്തിരുന്ന യാത്രയായിരുന്നു വയനാട്ടിലേക്കുള്ള യാത്ര. കൂട്ടുകാരുടെ കൂടെ കളിച്ചു രസിക്കാനുള്ള ഒരു അവസരവും ഈ ഞാനായിട്ട് കളയാത്തത് കൊണ്ട് ഈ യാത്രയ്ക്ക് വേണ്ട തയ്യാറെടുപ്പിൽ



മുൻപന്തിയിൽ ഞാൻ തന്നെ ഉണ്ടായിരുന്നു. യാത്ര പോകുന്നതിന്റെ തലേന്ന് ഉറക്കമുണ്ടാകില്ല എന്ന് പറയുന്നത് എത്ര ശരിയാണ് ! ഏഴുമണിക്ക് വിളിച്ചാൽ കണ്ണുതുറക്കാത്ത ഞാനാ രാവിലെ നാലുമണിക്ക് ആരും വിളിക്കാതെ എഴുന്നേറ്റത്. പുറത്തേക്ക് ഇറങ്ങിയപ്പോൾ നല്ല തണുപ്പ് . പിന്നെ അധികനേരം അവിടെ നിന്ന് തത്തി കളിക്കാതെ വേഗം ഒരുങ്ങി വന്നു. കൂട്ടുകാരിയുടെ അച്ഛനായിരുന്നു എന്നെ സ്കൂളിൽ കൊണ്ട് വിട്ടത്. ഞങ്ങളുടെ വീട് ഏകദേശം അടുത്തായതിനാൽ അവളുടെ അച്ഛൻ വരും. സ്കൂളിൽ എത്തിയതും ഞങ്ങൾക്ക് അനുവദിച്ച ക്ലാസിൽ കയറിയിരുന്നു. പിന്നീട് അങ്ങോട്ട് മുഴുവൻ പ്ലാനിങ് ആയിരുന്നു. ആ ഒറ്റ ഇരുത്തത്തിൽ നമ്മൾ വയനാട് എത്തി പോയെന്നു തോന്നി. രണ്ടുടിപ്പുകൾ ആയിട്ടായിരുന്നുബസ് യാത്ര.ഞങ്ങൾ രണ്ടാം ടിപ്പ് ആയിരുന്നു. പോകുന്നതിനു മുൻപേ ബസിന്റെ പേരും രൂപവും വായിച്ചു വിലയിരുത്തിയില്ലെങ്കിൽ എനിക്കൊരു സമാധാനവും ഉണ്ടാവില്ല. പറശ്ശിനി അതായിരുന്നു നമ്മൾ യാത്ര ചെയ്ത ബസിന്റെ പേര്. അകത്തേക്ക് കയറിയതും എന്റെ മുഖം ഒന്ന് വാടി ബാക്ക് സീറ്റ് ആയിരുന്നു നമ്മുടെ ലക്ഷ്യം. അവിടെ വേറെ കുട്ടികൾ

ഇരുന്നത് കൊണ്ട് ആ ലക്ഷ്യം വെള്ളത്തിലായി. പിന്നെയുള്ളതെല്ലാം മൂന്ന് സീറ്റ് ആയിരുന്നു എന്നാൽ നമ്മൾ ആകട്ടെ നാലാളും. പിന്നെ ഒന്നും നോക്കിയില്ല മൂന്ന് സീറ്റിൽ നമ്മൾ നാലുമങ്ങ് കയറിയിരുന്നു. ബസ്സിൽ പാട്ട് വെച്ചതും പിള്ളേരെല്ലാം ഇറങ്ങി ഡാൻസ് കളിക്കാൻ തുടങ്ങി.കണ്ണൂർ ബോർഡർ കഴിയാതെ ഞങ്ങൾ ഇറങ്ങില്ല അതാണ് അതിന്റെ ശരി എന്നും പറഞ്ഞു ഞങ്ങൾ അനങ്ങിയില്ല. പക്ഷേ കൂത്തുപറമ്പ് എത്തുന്നതിനു മുൻപേ നമ്മളും ഡാൻസ് കളിക്കാൻ തുടങ്ങിയിരുന്നു. പൊതുവേ ഡാൻസ് കളിക്കാൻ ഇറങ്ങാത്തവളാ ഞാൻ. പക്ഷേ ഇന്നെങ്കിലും കളിക്കണം എന്ന് ആഗ്രഹത്തോടെ ഞാനും ഇറങ്ങി. പിന്നീട് അങ്ങോട്ട് മുഴുവൻ പാട്ടും മേളവുമായിരുന്നു. ചുരം കയറുന്നത് ആയിരുന്നു ഏറ്റവും ഇഷ്ടമായത്. വളഞ്ഞു വളഞ്ഞു പോകുന്ന റോഡിലൂടെയുള്ള ആ യാത്ര... മലകളും ഒക്കെയും മിഴിവുറ്റ കാഴ്ചകൾ ആയിരുന്നു. ഇതെല്ലാം ക്യാമറ കണ്ണുകൾ കൊണ്ട് ഒപ്പിയെടുക്കുന്നത് എന്റെ ഒരു വിനോദമായി മാറി. മാനന്തവാടിയിൽ എത്തിയതും അവിടെയുള്ള നൈസ് റസ്റ്റോറന്റിലേക്ക് കയറി. ചുറ്റും നോക്കി കറക്റ്റ് എട്ട് ആൾക്ക് ഇരിക്കാനുള്ള സീറ്റ് കണ്ടതും അങ്ങോട്ടേക്കിരുന്നു. പത്തിരി, നൂൽപുട്ട്,

വെള്ളയപ്പം, കടലക്കറി, മുട്ടക്കറി, കുറുമ ഇങ്ങനെ പലവിധ സാധനങ്ങൾ തീൻമേശയിൽ എത്തി.
നൂൽപ്പുട്ടും കടലക്കറിയും ആണ് ഞാൻ എടുത്തത്. നല്ല വിശപ്പുള്ളതുകൊണ്ടാവും കഴിക്കുന്നത് എന്തിനും നല്ലൊരു സ്വാദ് ഉണ്ടായിരുന്നു. പിന്നീട് അങ്ങോട്ട് ബാണാസുരസാഗർ അണക്കെട്ടിലേക്കുള്ള യാത്രയായിരുന്നു. ഇന്ത്യയിലെ തന്നെ ഏറ്റവും വലിയ മണ്ണണക്കെട്ട്. കണ്ണിനു കുളിർമയേകുന്ന കാഴ്ചയായിരുന്നു. മുകളിലേക്ക് കയറാൻ കുത്തനെയുള്ള സ്റ്റെപ്പുണ്ട്. കുറച്ചു കഴിഞ്ഞതും കാലു കഴച്ചെങ്കിലും ഒന്നും നോക്കാതെ മുകളിലേക്ക് കയറി. വിശാലമായ പാർക്ക്. ഊഞ്ഞാലിൽ ഒക്കെ ആളുകൾ നിറഞ്ഞിരിക്കുന്നു. അവസാനം ടീച്ചറെ എണീപ്പിച്ചാണ് നമ്മൾ ഊഞ്ഞാലിൽ ഇരുന്നത്. കുറേനേരം അവിടെ ചെലവഴിച്ചതിനുശേഷം വീണ്ടും യാത്ര തുടങ്ങി. ഉച്ചയായപ്പോൾ ഭക്ഷണം കഴിക്കാൻ ഇറങ്ങി. നല്ല ചിക്കനും ചോറും ആയിരുന്നു. കൂട്ടുകാരിയുടെ ചിക്കൻ കൂടി കഴിച്ചതിനു ശേഷം ആണ് ഞാൻ എഴുന്നേറ്റത്. പിന്നെ ചെന്നത് എന്നരിലേക്ക് ആയിരുന്നു. ജീപ്പിലൂടെയുള്ള ആ യാത്ര വല്ലാത്തൊരു അനുഭൂതി ആയിരുന്നു. ആദിവാസികളുടെ കുടിലുകളുടെ മാതൃക കണ്ടു. എന്തൊരു തണുപ്പാണെന്ന് അറിയുമോ അവിടെ !
ചായ കുടിക്കാനുള്ള വിളി വന്നതും നമ്മൾ ചായയും എടുത്ത് പുറത്തേക്കിറങ്ങി. ആ തണുപ്പത്ത് മലമുകളിലേക്ക് നോക്കി ചൂട് ചായ കുടിക്കുന്ന ആ സുഖം. ഇതുവരെ ഇത്രയും ആസ്വദിച്ച് ഞാൻ ചായ കുടിച്ചിട്ടില്ല.പിന്നെ പൂക്കോട് തടാകത്തിലേക്കായിരുന്നു യാത്ര. കുറച്ചു നേരം താടകത്തിന്റെ സൗന്ദര്യമാസ്വദിച്ച് വ പാർക്കിലേക്ക് കയറി. കുറേ കുരങ്ങന്മാരെ കണ്ടു. അവിടെ അധികം നേരം നിൽക്കാതെ നേരെ ലക്കിടി വ്യൂ പോയിന്റിലേക്ക് ചെന്നു. അതൊരു ഒന്നൊന്നര യാത്രയായിരുന്നു. അത്രയും താഴെ കാണുന്ന കാഴ്ചകൾ എത്ര നോക്കി നിന്നിട്ടും മതിയാവാത്ത പോലെ. കാണുമ്പോൾ താഴെ വീഴുമോ എന്ന് ഓരോന്ന് ചിന്തിച്ചുകൂട്ടി പേടിക്കുന്നത് കൊണ്ട് കുറച്ച് അങ്ങോട്ട് നീങ്ങി നിന്ന് കാഴ്ച കണ്ടു. പിന്നെ ബസ്സിൽ കയറി വീണ്ടും യാത്ര




ആരംഭിച്ചു. രാത്രി ആയതും നമ്മൾ രാവിലെ ഭക്ഷണം കഴിച്ച് നൈസ് റസ്റ്റോറന്റിൽ കയറി അൽഫാമും കുബ്ബൂസും കഴിച്ചു. ആ കോമ്പിനേഷൻ... മയോണൈസിൽ മുക്കി അങ്ങ് കഴിക്കുമ്പോഴുള്ള ആ സ്വാദ് ഓർക്കുമ്പോൾ നാവിൽ വെള്ളമൂറുന്നു.എവിടെ ടിഷ്യൂ പേപ്പർ കണ്ടാലും അത് എടുക്കുന്ന സ്വഭാവം ഉള്ളതുകൊണ്ട് ഓരോന്നോരോന്നായി എടുത്തു. അവസാനം അത് തീർന്നപ്പോഴാണ് ഞാൻ അവിടെ വച്ചത്. രാത്രി ഒന്നര ആയപ്പോഴാണ് ഞങ്ങൾ തിരിച്ചു സ്കൂളിലേക്ക് എത്തിയത്. അങ്ങനെ അത്രയും മനോഹരമായ വയനാട് യാത്ര അവിടെ അവസാനിച്ചു.

## Photo Gallery





























Thank You.....!